## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4707 20.10.2011 ൽ മറുപടിയ്ക്ക്

### നിക്ഷേപകർ വഞ്ചിക്കപ്പെടാതിരിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി.റ്റി. ബൽറാം :
ശ്രീ. ഐ.സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനങ്ങളിൽ നിന്നും നിക്ഷേപം വാങ്ങുന്ന വ്യക്തികളും സ്ഥാപനങ്ങളും പണവുമായി മുങ്ങുന്നതിനെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (ബി) | നിലവിൽ ഐ.പി.സി അനുസരിച്ചാണ് നിയമ നടപടികൾ കൈക്കൊണ്ടു വരുന്നത്. കൂടാതെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കമ്പനീസ് ആക്ട്, ചിട്ടി ആക്ട്, റിസർവ് ബാങ്ക് ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ട്, തുടങ്ങിയ നിയമങ്ങളും നിലവിലുണ്ട്. സാമ്പത്തിക തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി. (EOW) -വിന് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തുവരികയാണ്. |
| (സി) | നിക്ഷേപകർ വഞ്ചിക്കപ്പെടാതിരിക്കാൻ ഇത്തരം വ്യക്തികളെയും ധനകാര്യസ്ഥാപനങ്ങളെയും നിയന്ത്രിക്കാൻ സമഗ്ര നിയമം കൊണ്ടു വരുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | **(സി)** | സാമ്പത്തിക സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി 'കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന സമഗ്ര നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

Chandrika

**സെക്ഷൻ ഓഫീസർ**